മാരിടൈം ബോർഡ് രൂപീകരണം

185 (193) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മാരിടൈം ബോർഡ് രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്, വിശദമാക്കുമോ ?

ഉത്തരം

(എ) തുറമുഖ വകുപ്പ്, കേരള മാരിടൈം സൊസൈറ്റി, കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് മാരിടൈം ബോർഡ് രൂപീകരിക്കുന്നതിനുള്ള ബിൽ 17-12-2014-ൽ നിയമസഭ പാസ്സാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചിരിക്കുകയാണ്. എന്നാൽ കേന്ദ്ര സർക്കാർ ചില വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ബി) ചെറുകിട തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനം, പരിപാലനം, പരിരക്ഷ തുടങ്ങിയ സംസ്ഥാന സർക്കാരിൽ ഇന്ത്യൻ തുറമുഖ ചട്ടങ്ങൾമൂലം നിക്ഷിപ്തമായ കർത്തവ്യങ്ങൾ, കപ്പൽ മന്ത്രാലയത്തിന്റെയും കപ്പൽ ഗതാഗത വകുപ്പിന്റെയും മറ്റും നിയമങ്ങൾ നടപ്പിലാക്കൽ, വിവിധ തരത്തിലുള്ള ജല വാഹനങ്ങളിലെ ജീവനക്കാരുടെ യോഗ്യത നിർണ്ണയിച്ച് പരിശീലനവും സർട്ടിഫിക്കറ്റും നൽകൽ, വാണിജ്യവും നിയമപരവുമായ ചുമതലകൾ നിർവ്വഹിക്കൽ എന്നിവ വിവിധ വകുപ്പുകളേയും സ്ഥാപനങ്ങളേയും ഏകോപിപ്പിച്ച് കാര്യക്ഷമമായി നടപ്പിലാക്കൽ എന്നിവയാണ് മാരിടൈം ബോർഡിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

ഉപരിതല ജലഗതാഗത മേഖലയിലെ വിവിധ വകുപ്പുകളുടെ ഏകോപനമില്ലാത്തതിനാൽ പല പദ്ധതികളും പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നുണ്ട്. മാരിടൈം ബോർഡ് നിലവിൽ വന്നാൽ ഈ മേഖലയിലെ എല്ലാ പദ്ധതികളുടെയും മേൽനോട്ടം ബോർഡിനായിരിക്കും. സംസ്ഥാനത്തെ തീരദേശ സുരക്ഷയും ഗൗരവമേറിയ കാര്യമാണ്. തുറമുഖങ്ങളിലെ പ്രവർത്തനങ്ങളും തീരദേശ സുരക്ഷയും ഏകോപിപ്പിച്ച നടപ്പിലാക്കാൻ സംസ്ഥാന മാരിടൈം ബോർഡിന് സാധ്യമാകും. ഇതിനായി ഇന്ത്യൻ നേവി, തീരദേശ സംരക്ഷണ സേന തുടങ്ങിയവയുടെ പ്രാതിനിധ്യം മാരിടൈം ബോർഡിൽ ഉറപ്പാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇറമുഖ വകുപ്പ്, കേരള മാരിടൈം സൊസൈറ്റി, കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് മാരിടൈം ബോർഡ് രൂപീകരിക്കുന്നതിനുള്ള ബിൽ 17-12-2014-ൽ നിയമസഭ പാസ്സാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചിരിക്കുകയാണ്. എന്നാൽ കേന്ദ്ര സർക്കാർ ചില വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

പരവൂർ നഗരസഭയിൽ പൊഴിക്കര മുതൽ ലക്ഷ്മിപുരം തോപ്പുവരെയുള്ള തീരദേശ റോഡ്

186 (194) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരവൂർ നഗരസഭയിൽ പൊഴിക്കര മുതൽ ലക്ഷ്മിപുരം തോപ്പു വരെയുള്ള തീരദേശറോഡ് നിർമ്മിക്കുന്നതിലേയ്ക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി എത്ര രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ആയത് എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത റോഡിന്റെ അടിസ്ഥാന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ ;

(സി) ഇപ്പോൾനടന്നു വരുന്ന ടാറിംഗ് ജോലികളുടെ പുരോഗതിയും എന്നത്തേക്കു പണി പൂർത്തീകരിക്കുവാൻ കഴിയുമെന്നും അറിയിക്കുമോ ;

(ഡി) പ്രസ്തുത റോഡിൽ പൊഴിമുറിഞ്ഞ് ഗതാഗത യോഗ്യമല്ലാതായിത്തീർന്ന ഭാഗത്ത് റോഡ് നിർമ്മാണം പൂർത്തീകരിക്കുവാൻ എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ;

(ഇ) പ്രസ്തുത ഭാഗത്ത് റെഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കുവാനുള്ള നിർദ്ദേശം പരിഗണിക്കുന്നുണ്ടോ; എങ്കിൽ പുരോഗതി അറിയിക്കുമോ ?

ഉത്തരം

(എ) പരവൂർ നഗരസഭയിൽ പൊഴിക്കര മുതൽ മുക്കം പൊഴി വരെയുള്ള നിലവിലുള്ള റോഡിന്റെ പുനരുദ്ധാരണത്തിനായി 57.70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly